(ഡി) ഏതെങ്കിലും സംഘടനകളുടെയോ, തൊഴിലാളികളുടെയോ എതിർപ്പുമൂലം എതെങ്കിലും നിക്ഷേപ സാഹചര്യം നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം നഷ്ടപ്പെട്ട സംരംഭങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 11.159.45 കോടി രൂപ മുതൽ മുടക്ക് വരുന്ന 96 പദ്ധതി കൾക്കാണ് ജിമ്മിൽ ധാരണാപത്രം ഒപ്പുവെച്ചത്. എത്ര സംരംഭങ്ങൾ ആരംഭിക്കും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന വാഗ്ദാനം സർക്കാർ നൽകിയിരുന്നില്ല.

(സി, ഡി) പ്രതീക്ഷയ്ക്കൊത്ത് നിക്ഷേപവും തൊഴിൽ അവസരങ്ങളും വന്നില്ല എന്ന അഭിപ്രായം സർക്കാരിനില്ല. ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിന്റെ ഫലമായി കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാണെന്ന ധാരണ സംരംഭകർക്കിടയിൽ സൃഷ്ടിക്കുവാനും അതുവഴി സംരംഭകരെ ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. വിദേശ നിക്ഷേപകരുൾപ്പെടെ പല കമ്പനികളുടെയും ശ്രദ്ധാകേന്ദ്രമായി സംസ്ഥാനം മാറിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന അക്രമസമരങ്ങളും പണിമുടക്കുകളും നിക്ഷേപ സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്.

കിൻഫ്രായുടെ ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ

15 [2883] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് ഡി.ഐ.സി.യുമായി സംസ്ഥാന ഗവൺമെന്റ് ഉണ്ടാക്കുന്ന കരാറിൽ കൈമാറാൻ ഉദ്ദേശിക്കുന്ന കിൻഫ്രായുടെ ഇൻഫോ പാർക്കിൽ ഇപ്പോൾ ഏതൊക്കെ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ യൂണിറ്റുകളിൽ ജോലി ചെയ്യുന്നവർ എത്ര വീതം ഉണ്ട്;

(സി) കിൻഫ്രായുടെ പാർക്കിൽ സ്വന്തമായി ഐ.ടി.പാർക്കുകൾ, ഗാർമെന്റ് യൂണിറ്റുകൾ തുടങ്ങിയ വ്യവസായ യൂണിറ്റുകൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവ ഓരോന്നിലും എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ട്;

(ഡി) കൊച്ചിയിലെ കിൻഫ്രയിൽ നിന്ന് സ്ഥലം വാങ്ങിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഈ സ്ഥാപനങ്ങൾ തുടങ്ങാൻ ഉദ്ദേശി ക്കുന്ന യൂണിറ്റുകൾ എന്തൊക്കെയാണ്;

(ഇ) ഇവിടെ പുതിയതായി വ്യവസായങ്ങൾ ഐ. ടി. പാർക്കുകൾ എന്നിവ ആരംഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ അപേക്ഷകളിൽ എടുത്തിട്ടുള്ള തീരുമാനം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഇൻഫോ പാർക്കും കിൻഫ്രയും വ്യത്യസ്ത സ്ഥാപനങ്ങളാണ്. ഇൻഫോ പാർക്ക് കിൻഫ്രയുടെ കീഴിലല്ല പ്രവർത്തിക്കുന്നത്. ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പേരും ടി യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) കിൻഫ്രയുടെ കീഴിലുള്ള തിരുവനന്തപുരത്തെ അപ്പാരൽ പാർക്കിൽ മുംബൈ ആസ്ഥാനമായുള്ള ലീല ഇൻറർനാഷണൽ ലിമിറഡ് എന്ന ഗാർമെൻറ് മാനുഫാക്ചറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത യൂണിറ്റിൽ 1000 പേർ ജോലി ചെയ്യുന്നുണ്ട്.

(ഡി) കൊച്ചിയിലെ കിൻഫ്രയുടെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ നിന്ന് സ്ഥലം വാങ്ങിയിട്ടുള്ള സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

(ഇ) കൊച്ചിയിലെ കിൻഫ്ര പാർക്കിൽ പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചുകൊണ്ട് 11 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകർക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കെൽട്രോൺ കൗണ്ടേഴ്സ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

16[2884] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ കൗണ്ടേഴ്സ് തുറന്ന് പ്രവർത്തിപ്പിക്കണം എന്നാവശ്യപ്പെട്ട് ജീവനക്കാർ സമരം നടത്തുന്നത് സർക്കാരിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജീവനക്കാർക്ക് മൂന്ന് മാസത്തെ ശമ്പളം നൽകുമെന്നുള്ള ഉറപ്പ് പാലിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) തൃശ്ശൂർ ജില്ലയിലെ അത്താണിയിലെ പൂട്ടിക്കിടക്കുന്ന കെൽട്രോൺ പവർ ഡിവൈസസ്, റെക്ടിഫയേഴ്സ് എന്നിവയുടെ കെട്ടിടവും, ഭൂമിയും, ഉപകരണങ്ങളും എന്തു ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-3-2005-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉന്നതതല ചർച്ചപ്രകാരം രൂപീകരിച്ച കമ്മിറ്റി കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് നൽകിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) ഉറപ്പ് നൽകിയിട്ടില്ല.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[2-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത 15(2883)-ാം നമ്പർ ചോദ്യം കാണുക.]

ഇൻഫോ പാർക്കിന്റെ കാക്കനാട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളും:

നമ്പർ	കമ്പനി	ജോലിക്കാരുടെ എണ്ണം
1	Affiliated Computer Services	322
2	Advanced Intergrated Tech.	40
3	Amlaki Information Systems	35
4	Armia Systems	15
5	ART Technology	43
6	Arys Consulting	30
7	Calpine Technologics	25
8	Charter BPO Solutions	45
9	Coolminds Technologies	5
10	Dimensions Cybertech	45
11	Ditro	42
12	E CommIT Labs	25
13	Exor India Pvt. Ltd.	22
14	Systalent	16
15	Genfocus	20
16	IBS Software	50
17	IDSI GIS	30
18	Incite	25
19	Indigo Concepts	16
20	Ind-Sigma Infotech	25
21	Infogenie ITAS	5
22	ORMYX	10
23	Jacobsons BPO Solutions	30
24	OPI Global	35
25	Popular e Solutions	6
26	Promyx	15
27	Tata Consultancy Services	110
28	V Fortress	22
29	Vanilla Networks	107
30	Wipro Infotech	40
	Total	1256

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫോ പാർക്കിനു കീഴിൽ കല്ലൂർ ഐ. റി. സ്സ്. ഹാബിറ്റാറ്റിൽ പ്രവർത്തിക്കുന്ന കമ്പനികൾ;

നമ്പർ	കമ്പനി	ജോലിക്കാരുടെ എണ്ണം
(1)	(2)	(3)
1	Infovista Technology	10
2	Cableway Resource Management	2
3	Codework	12
4	IOSocket	1
5	Ind-Sigma	20
6	Spiderboom	3
7	PNL Technologies	16
8	IFORCE	7
9	Bean Counters	2
10	Key Skills	2
11	Znex	6
12	Codeworx	8
13	Shebros	50
	Total	139
	G. Total	1256+139=1395

അനുബന്ധം V

[2-8-2005-ലെ നക്ഷത്രചിഹ്നമിടാത്ത 30(2899)-ാം നമ്പർ ചോദ്യം കാണുക.]

നമ്പർ	ജീവനക്കാരന്റെ പേര്	ഉദ്യോഗപ്പേര്	സർവ്വീസിൽ പ്രവേശിച്ച തീയതി
(1)	(2)	(3)	(4)
1	എൻ. രാജശേഖർ	പ്രോസ്തെറ്റിക്സ്	1-1-2001
2	മധുസൂദനൻ നായർ, എസ്.	ഫിറ്റർ കം വെൽഡർ	20-11-2000
3	എം. ഗോപി	അൺസ്കിൽഡ് വർക്കർ	,,
4	ബിനുകുമാർ	,,	,,
5	അജയകുമാർ	വർക്കർ	9-11-2000
6	രഞ്ജിത്ത് സിംഗ്	,,	19-2-2001
7	എസ്, എസ്. സുമേഷ്കുമാർ	,,	,,
8	ശ്രീകുമാരൻ നായർ	,,	2-7-2001
9	കെ. ഷാജി	,,	19-2-2001
10	ഹരികുമാർ, എസ്.	,,	,,
11	എ. ഷിജു	,,	,,

LIBRARY ARCHIVES Kerala Legislative Assembly